# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 566

01-12-2015-ൽ മറുപടിക്ക്

## എൽ.എൻ.ജി. പൈപ്പ് ലൈൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കൊച്ചിയിലെ നിർദ്ദിഷ്ട പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി (എൽ.എൻ.ജി) നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണമെന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) LNG പദ്ധതി കേരളത്തിൽ നടപ്പാക്കുന്നതിന് 2012-ൽ ഗെയിൽ കരാറുകാരെ നിശ്ചയിക്കുകയും, പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തുവെങ്കിലും. സ്ഥലത്തിന്റെ നഷ്ടപരിഹാരത്തുകയെ സംബന്ധിച്ചുള്ള തർക്കവും പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ച് ജനങ്ങളുടെ ആശങ്കയും നിമിത്തം പല ജില്ലകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെക്കേണ്ടി വരികയും പദ്ധതി താൽക്കാലികമായി സ്തംഭനാവസ്ഥയിലാവുകയും ചെയ്തു. തന്മൂലം നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ റദ്ദാക്കേണ്ട അവസ്ഥ സംജാതമാവുകയും പദ്ധതിക്ക് കാലതാമസം നേരിടുകയും ചെയ്തു. |
| (ബി) പ്രസ്തുത പദ്ധതി അനന്തമായി നീളുന്നത് വല്ലാർപാടം ടെർമിനലിന്റെ വികസനത്തെ ഏതെല്ലാം തരത്തിലാണ് പ്രതികൂലമായി ബാധിക്കുതെന്ന് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) പൈപ്പ്ലൈൻ ശൃംഖലവഴിയുള്ള ഗ്യാസ് വിതരണം കൊച്ചി മേഖലയിൽ മാത്രമായി പരിമിതപ്പെട്ടതുമൂലം LNG ടെർമിനൽ 10%ൽ താഴെ മാത്രം anchor load ലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഇത് LNG ടെർമിനലിന്റെ കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. പൈപ്പ് ലൈൻ പദ്ധതി പൂർത്തിയാകുന്നതോടു കൂടി LNG ടെർമിനലിന് അതിന്റെ പൂർണ്ണ പ്രവർത്തന ക്ഷമത കൈരിക്കുവാൻ കഴിയുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി നടത്തിപ്പിൽ സംസ്ഥാനത്തിന്റെ ഇടപെടൽ കാര്യക്ഷമമല്ലെന്ന് കേന്ദ്രം ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ ; | (സി) | ഇത്തരത്തിൽ ഒരു ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) | ഗ്യാസ്പൈപ്പ് ലൈനിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന്, സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ ഉന്നതാധികാര സമിതി പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയിലും സബ്കളക്ടർമാർ Nodal Officer ആയിട്ടുള്ള ഉപസമിതികൾ രൂപീകരിച്ചിട്ടുണ്ട്. ഗെയിലും 7 ജില്ലകളിലും Nodal Officer മാരെ നിയമിച്ചിട്ടുണ്ട്. ഗെയിലും സംസ്ഥാന റവന്യു ഉദ്യോഗസ്ഥരും ചേർന്ന് എല്ലാ ജില്ലകളിലും പദ്ധതി പുനരാരംഭിക്കുന്നതിനായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായിട്ടുള്ള ഉന്നതാധികാരസമിതി നിരന്തരം വിലയിരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ